പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1867 **26-10-2026-ൽ മറുപടിയ്ക്ക്**

ജി. എസ്. ടി. യിലൂടെയുണ്ടായ ധനനഷ്ടം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കുറുക്കോളി മൊയ്തീൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം സംസ്ഥാനത്തിന് ഉണ്ടായ ധനനഷ്ടം എത്രയായിരുന്നുവെന്നും അപ്രകാരം ധനനഷ്ടം ഉണ്ടാകാനുള്ള കാരണം എന്താണെന്നും അറിയിക്കാമോ;

മറുപടി: ജി.എസ്.ടി. നിയമം നിലവിൽ വന്നപ്പോൾ സംസ്ഥാനങ്ങളുടെ നികുതി നിയമങ്ങൾ ജി.എസ്.ടി.യിലേക്ക് ലയിക്കുകയും, സംസ്ഥാനങ്ങളുടെ വരുമാനം സംരക്ഷിക്കുന്നതിന് വേണ്ടി, ജി.എസ്.ടി. നഷ്ടപരിഹാര നിയമം (2017) നിലവിൽ വരികയും 2015-16 സാമ്പത്തിക വർഷത്തെ അടിസ്ഥാനമാക്കി 14% വാർഷിക വരുമാന വളർച്ച (Protected Revenue) തീരുമാനിക്കുകയും ചെയ്തിരുന്നു. ഈ പ്രതീക്ഷിച്ച 14% വളർച്ച കൈവരിക്കാൻ സാധിക്കാത്ത സംസ്ഥാനങ്ങൾക്ക് പ്രസ്തുത വരുമാനക്കുറവ് നികത്തുന്നതിനായി 2017 ജൂലൈ മുതൽ 2022 ജൂൺ വരെ കോമ്പൻസേഷൻ നൽകിപ്പോന്നിരുന്നു.

ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ സംസ്ഥാനത്തിന് ആകെ ₹43,785.57 കോടി രൂപ നാളിതുവരെ ലഭിച്ചിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം മുതൽ 2025-26 വരെ ജി.എസ്.ടി. & നോൺ ജി.എസ്.ടി. ഇനത്തിൽ ലഭ്യമായ നികുതി വരുമാനത്തിന്റെയും വളർച്ച നിരക്കിന്റെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

ജി.എസ്.ടി. കോമ്പൻസേഷൻ 2022 ജൂൺ മാസത്തോടെ അവസാനിച്ചു. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (CAG) അന്തിമ ഓഡിറ്റിന് ശേഷം മൂൻ വർഷങ്ങളിലെ കുടിശ്ശികയായി ലഭിക്കേണ്ടിയിരുന്ന തുകകൾ പിന്നീട് ഘട്ടങ്ങളിലായി ലഭ്യമായിട്ടുണ്ട്. ഇതുപ്രകാരം സംരക്ഷിത വരുമാനത്തിന്മേൽ സംസ്ഥാനത്തിന് അർഹതപ്പെട്ട കാലയളവിലെ ജി.എസ്.ടി. നഷ്ടപരിഹാര തുക കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. 2026 മാർച്ചിൽ അനുവദിച്ചിട്ടുള്ള 421.55 കോടി രൂപ ഉൾപ്പെടെ സംസ്ഥാനത്തിന് 2017 ജൂലൈ മുതൽ നാളിതുവരെ ടി ഇനത്തിൽ 43785.57 കോടി രൂപ ലഭിച്ചിട്ടുണ്ട്.

കൂടാതെ, ഐ.ജി.എസ്.ടി. അഡ്ഹോക് ഇനത്തിൽ സാമ്പത്തിക വർഷം 2017-18 മുതൽ 2022-23 വരെ 8446.01 കോടി രൂപ ലഭിച്ചിട്ടുണ്ട്.

വാറ്റ് (VAT) സമ്പ്രദായത്തിൽ കേരളത്തിലെ നികുതി പിരിവിന്റെ സിംഹഭാഗവും 14.5% അല്ലെങ്കിൽ അതിനു മുകളിലുള്ള നിരക്കിലായിരുന്നു. ജി.എസ്.ടി.യുടെ ആരംഭത്തിൽ ഇതിൽ ഭൂരിഭാഗം

ഉൽപ്പന്നങ്ങൾക്കും 28% നിരക്ക് നിശ്ചയിച്ചെങ്കിലും പിന്നീട് ജി.എസ്.ടി. കൗൺസിൽ ഇവ ക്രമേണ 18%, 12% സ്ലാബുകളിലേക്ക് കുറച്ചു. എന്നാൽ, ജി.എസ്.ടി. നിയമം നടപ്പിലാക്കിയ ശേഷം നിരക്കുകളിൽ നിരന്തരം വരുത്തിയ മാറ്റങ്ങൾ മൂലം പ്രതിവർഷം എത്ര കോടി രൂപയുടെ വരുമാന നഷ്ടമാണ് ഉണ്ടാകുന്നതെന്ന് കൃത്യമായി കണക്കാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് നിലനിൽക്കുന്നു.

(ബി) പ്രസ്തുത ജി. എസ്. ടി. നഷ്ടം നികത്തുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗം വിശദമാക്കാമോ;

<u>മറുപടി:</u> 2017 ജൂലൈ 1 മുതലാണ് സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയത്. ജി.എസ്.ടി. നിലവിൽ വന്നപ്പോൾ, ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത്, 2015-16 ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ച് വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (CAG) അന്തിമ ഓഡിറ്റിന് ശേഷം മുൻവർഷങ്ങളിലെ കുടിശ്ശികയായി ലഭിക്കേണ്ടിയിരുന്ന തുകകൾ പിന്നീട് ഘട്ടങ്ങളിലായി ലഭ്യമായിട്ടുണ്ട്. 2026 മാർച്ചിൽ അനുവദിച്ചിട്ടുള്ള 421.55 കോടി രൂപ ഉൾപ്പെടെ സംസ്ഥാനത്തിന് 2017 ജൂലൈ മുതൽ നാളിതുവരെ ടി ഇനത്തിൽ 43785.57 കോടി രൂപ ലഭിച്ചിട്ടുണ്ട്.

കൂടാതെ, നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി വകുപ്പിനെ മൂന്ന് പ്രധാന വിഭാഗങ്ങളായി തിരിച്ച് ഇവ പ്രത്യേകം ശ്രദ്ധ ചെലുത്തി, നിയമം അനുശാസിക്കുന്ന രീതിയിലുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്തിന് കേന്ദ്രസർക്കാർ ജി.എസ്.ടി. ഇനത്തിൽ നൽകാൻ ബാക്കിയുള്ള തുക എത്രയാണ് എന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> 2017-ലെ ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമപ്രകാരം സംരക്ഷിത വരുമാനത്തിൻമേൽ സംസ്ഥാനത്തിന് അർഹതപ്പെട്ട കാലയളവിലെ ജി.എസ്.ടി. നഷ്ടപരിഹാര തുക കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. അതിനാൽ ഈ കാലയളവിൽ ഈ ഇനത്തിൽ ഇനി തുകയൊന്നും ലഭിക്കാനില്ല. 2026 മാർച്ചിൽ അനുവദിച്ചിട്ടുള്ള 421.55 കോടി രൂപ ഉൾപ്പെടെ സംസ്ഥാനത്തിന് 2017 ജൂലൈ മുതൽ നാളിതുവരെ ടി ഇനത്തിൽ 43785.57 കോടി രൂപ ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

2016-17 സാമ്പത്തിക വർഷം മുതൽ 2025-26 വരെ ജി.എസ്.ടി. & നോൺ ജി.എസ്.ടി. ഇനത്തിൽ ലഭ്യമായ നികുതി വരുമാനത്തിന്റെയും വളർച്ച നിരക്കിന്റെയും വിവരങ്ങൾ

(തുക കോടിയിൽ)

സാമ്പത്തിക വർഷം	ജി.എസ്.ടി.	നോൺ ജി.എസ്.ടി.	ആകെ*	വളർച്ചാ നിരക്ക്/ വ്യതിയാനം
2016-17	-	33455.86	33455.86	
2017-18	12007.69	24580.66	36588.35	9.36%
2018-19	21014.71	19226.45	40241.16	9.98%
2019-20	20446.95	19650.48	40097.43	-0.36%
2020-21	20028.31	17689.67	37717.98	-5.93%
2021-22	24169.81	22487.93	46657.74	23.70%
2022-23	29513.28	26876.17	56389.45	20.86%
2023-24	30563.60	27690.64	58254.24	3.31%
2024-25	32314.70	27689.99	60004.69	3.00%
2025-26 **	34208.65#	29765.28	63973.93	6.61%

*2016-17 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ആകെ വരുമാനം, ധനകാര്യ അക്കൗണ്ടുകൾ (SOTR – Budget in Brief) പ്രകാരം

*2019-20, 2020-21 വർഷങ്ങൾ കോവിഡ് ബാധിത കാലയളവായതിനാൽ, ആയത് നികുതി വർദ്ധനവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

**Provisional

#2026 മാർച്ച് മാസത്തിൽ ലഭിച്ച ₹421.55 കോടി രൂപയുടെ നഷ്ടപരിഹാരം ഉൾപ്പെടെ.

സെക്ഷൻ ഓഫീസർ